**<u>പതിമൂന്നാം കേരള നിയമസഭ</u>**

**<u>നാലാം സമ്മേളനം</u>**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2031** **22.03.2012 ലെ മറുപടിയ്ക്ക്**

**<u>കാൻവാസിംഗ് ഏജന്റുമാരുടെ കമ്മീഷൻ</u>**

**<u>ചോദ്യം</u>**

**ശ്രീ. വി. ശിവൻ കുട്ടി**

**<u>ഉത്തരം</u>**

**ശ്രീ. കെ.എം. മാണി**
**(ധനകാര്യവും നിയമവും**
**ഭവനനിർമ്മാണവും വകുപ്പുമന്ത്രി)**

| | | | |
|---|---|---|---|
| (എ) | കെ.എസ്.എഫ്.ഇ ചിട്ടികളിൽ ആളെ ചേർക്കുന്ന കാൻവാസിംഗ് ഏജന്റുമാരുടെ കമ്മീഷൻ ചിട്ടിയിൽ ആളെ ചേർത്ത് തൊട്ടടുത്ത മാസം മുതൽ 19/2009 എന്ന കെ.എസ്.എഫ്.ഇ ഉത്തരവിന്റെ മറവിൽ, നിഷേധിക്കപ്പെടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത ഉത്തരവ് റദ്ദാക്കി കാൻവാസിംഗ് ഏജന്റുമാരുടെ കമ്മീഷൻ യഥാസമയം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ; | (എ) | കെ.എസ്.എഫ്.ഇ. ചിട്ടികളിൽ നേരിട്ടു ചേരുന്നവരും കാൻവാസിംഗ് ഏജന്റ് മുഖേന ചേരുന്നവരും പ്രസ്തുത ചിട്ടി കൃത്യമായി അടച്ചാൽ മാത്രമേ കമ്പനിയ്ക്ക് സുഗമമായ ചിട്ടി നടത്തിപ്പ് സാദ്ധ്യമാവുകയുള്ളൂ. ചിട്ടി തുടങ്ങിക്കഴിഞ്ഞ ഉടൻ കാൻവാസിംഗ് ഏജന്റ് ചേർത്ത ടിക്കറ്റിന്മേൽ ഏജന്റിന് കൊടുക്കുന്ന കമ്മീഷൻ തുക പ്രസ്തുത ചിറ്റാളൻ അടുത്ത രണ്ടു /മൂന്നു തവണയും കൂടി അടയ്ക്കുമ്പോൾ മാത്രമേ കമ്പനിയ്ക്ക് ലഭിയ്ക്കുന്നുള്ളൂ. ഇത്തരം സാഹചര്യത്തിൽ കമ്പനിയ്ക്കുണ്ടാവുന്ന നഷ്ടം ഒഴിവാക്കുവാനാണ് ഏജന്റുമാർ ചേർത്ത ചിട്ടി ടിക്കറ്റുകളിൽ രണ്ടും മൂന്നും തവണകൾ മുടക്കുവന്നാൽ ഏജന്റിന് നൽകിയ കമ്മീഷൻ തുക തിരിച്ചു പിടിയ്ക്കണമെന്ന് മാനേജ്മെന്റ് തീരുമാനമെടുത്തത്. തവണകൾ മുടക്കു തീർക്കുന്നതോടു കൂടി ഇത്തരത്തിൽ പിടിച്ച കമ്മീഷൻ തുക തിരിച്ചു നൽകാനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ചിറ്റാളൻ കുടിശ്ശിക വരുത്തിയാൽ ഏജന്റുമാരുടെ കമ്മീഷൻ നൽകാതിരിക്കുന്ന നടപടി റദ്ദാക്കാൻ നടപടി സ്വീകരിക്കുമോ ? | (ബി) | ചിട്ടി തവണകളിൽ മുടക്കം വരാതെ ശ്രദ്ധിക്കേണ്ടത് പ്രസ്തുത ചിട്ടി ടിക്കറ്റുകൾ കാൻവാസിംഗ് ചെയ്യുകയും തവണ സംഖ്യകൾ ശേഖരിച്ച് അടയ്ക്കുകയും ചെയ്യുന്ന ഏജന്റുമാരുടെ കർത്തവ്യമാണ്. ചിട്ടിയുടെ മൂന്നു തവണയെങ്കിലും അടയ്ക്കുന്ന സാഹചര്യത്തിൽ ചിട്ടി കാൻവാസിംഗ് കമ്മീഷൻ തിരിച്ചു പിടിയ്ക്കുന്നില്ല. ആയതിനാൽ കമ്പനിയുടെ സുഗമമായ നടത്തിപ്പിനും നല്ല ഇടപാടുകൾക്കും പ്രസ്തുത നടപടി റദ്ദാക്കുന്നത് ആശാസ്യമല്ല. |

സെക്ഷൻ ഓഫീസർ